**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 475** **13-01-2021 - ൽ മറുപടിയ്ക്ക്**

**കൊറോണ പ്രതിരോധ പ്രവർത്തന ഫണ്ടിലേക്ക് സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നുള്ള ശമ്പളവിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എം . വിൻസെൻറ് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
| (എ) | കൊറോണ പ്രതിരോധ പ്രവർത്തന ഫണ്ടിലേക്ക് സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളത്തിന്റെ ഒരു ഭാഗം പിടിക്കുവാൻ നിശ്ചയിച്ചപ്പോൾ, സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന വേളയിൽ ആ തുക തിരികെ നൽകുമെന്ന് വ്യക്തമാക്കിയിരുന്നോ; | (എ) | കൊറോണ പ്രതിരോധ പ്രവർത്തന ഫണ്ടിലേയ്ക്ക് സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽനിന്നും തുകയൊന്നും പിടിച്ചിട്ടില്ല. അതേസമയം കോവിഡ്-19 വ്യാപനംമൂലം സംജാതമായ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി 30.04.2020-ലെ സ.ഉ.(അ)നം. 53/2020/ധന. പ്രകാരം സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും 6 ദിവസത്തെ ശമ്പളം (20%) 5 മാസത്തേയ്ക്ക് (2020 ഏപ്രിൽ മുതൽ 2020 ആഗസ്റ്റ് വരെ) മാറ്റിവച്ചിട്ടുണ്ടായിരുന്നു. ശമ്പളം മാറ്റിവച്ചുകൊണ്ട് പുറപ്പെടുവിച്ച കേരള ഡിസാസ്റ്റർ ആന്റ് പബ്ലിക് ഹെൽത്ത് എമർജൻസി (സ്പെഷ്യൽ പ്രൊവിഷൻസ്) ഓർഡിനൻസ്, 2020 വകുപ്പ് 7 പ്രകാരം മാറ്റി വച്ച തുക തിരികെ നൽകുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. ടി വകുപ്പിന്റെ അടിസ്ഥാനത്തിൽ 25.10.2020-ലെ സ.ഉ.(അ)നം. 140/2020/ധന പ്രകാരം മാറ്റി വച്ച തുക തിരികെ നൽകുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം പിടിച്ച വകയിൽ എത്ര കോടി രൂപയാണ് ലഭിച്ചത്; | (ബി) | 30.04.2020-ലെ സ.ഉ.(അ)നം.53/2020/ധന. പ്രകാരം സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും 6 ദിവസത്തെ ശമ്പളം (20%) 5 മാസത്തേയ്ക്ക് (2020 ഏപ്രിൽ മുതൽ 2020 ആഗസ്റ്റ് വരെ) മാറ്റിവച്ചിട്ടുണ്ടായിരുന്നു. ഇപ്രകാരം 12.01.2021-ലെ കണക്കനുസരിച്ച് ശമ്പളയിനത്തിൽ 2270 കോടി രൂപയും ശമ്പള കുടിശ്ശിക ഇനത്തിൽ 7 കോടി രൂപയും സ്പാർക്ക് വഴി ശമ്പളം മാറുന്ന ജീവനക്കാരിൽനിന്നും അദ്ധ്യാപകരിൽനിന്നും മാറ്റി വച്ചിട്ടുണ്ട്. കൂടാതെ പ്രത്യേക ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ വിവിധ സ്ഥാപനങ്ങളും ഏജൻസികളും 569.23 കോടി രൂപയും മാറ്റിവച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യങ്ങൾ മരവിപ്പിച്ചിട്ടുണ്ടോ; ഇതിലൂടെ എത്ര കോടി രൂപയാണ് ലഭിച്ചത്; | (സി) | 16.04.2020-ലെ സ.ഉ.(അ)നം.42/2020/ധന., 17.04.2020-ലെ സ.ഉ.(അ) നം.43/2020/ധന., 17.07.2020-ലെ സ.ഉ.(അ) നം.94/2020/ധന., എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ലീവ് സറണ്ടർ ആനുകൂല്യം താൽക്കാലികമായി മാറ്റിവച്ചിരുന്നു. അപ്രകാരം മാറ്റിവച്ചിരുന്ന ലീവ് സറണ്ടർ ആനുകൂല്യം 05.11.2020-ലെ സ.ഉ.(അ)നം.152/2020/ധന. ഉത്തരവ് പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി 2020 നവംബർ മാസം മുതൽ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | സർക്കാർ ജീവനക്കാരുടെ 2021 ഏപ്രിൽ മാസം നടത്താവുന്ന ലീവ് സറണ്ടർ ആനുകൂല്യം നീട്ടിയിട്ടുണ്ടോ; ഇത് എന്നത്തേക്കാണ് നീട്ടിയത്; | (ഡി) | 05.11.2020-ലെ സ.ഉ.(അ)നം.152/2020/ധന. പ്രകാരം അടുത്ത സാമ്പത്തിക വർഷത്തെ (2021-2022) എല്ലാവിഭാഗം ജീവനക്കാരുടെയും ലീവ് സറണ്ടർ ആനുകൂല്യം 2021 ജൂൺ 1 മുതലാണ് അനുവദിച്ചിട്ടുള്ളത്. |
| (ഇ) | അടുത്ത വർഷം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ എന്ത് തരം സാമ്പത്തിക പരിഷ്കരണ നടപടികളാണ് ഉദ്ദേശിക്കുന്നത്? | (ഇ) | നികുതി പിരിവ് ഊർജ്ജിതമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പു വരുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചു വരുന്ന നയം. ടി നയത്തിന് അനുസൃതമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. കോവിഡിന്റെ പ്രതികൂല സാഹചര്യം നിലനിൽക്കുമ്പോഴും സർക്കാർ കൈക്കൊണ്ടുവരുന്ന മേൽനടപടികളുടെ ഗുണഫലങ്ങൾ അടുത്ത സാമ്പത്തിക വർഷം ദൃശ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ